
Gloria Fellowship

# *Praise The Lord*

# ദൈവത്തിനു സ്തോത്രം




# *Praise The Lord*

# യെശയ്യാവ് 58 : 05

2023



# ISIAH 58 : 05 യെശയ്യാവ് 58 : 05

5 എനിക്കു ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന
ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ
കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ചു കിടക്കുക, ഇതാകുന്നുവോ
ഉപവാസം? ഇതിന്നോ നീ നോമ്പെന്നും യഹോവെക്കു പ്രസാദമുള്ള
ദിവസമെന്നും പേർ പറയുന്നതു?

**5 Is this the kind of fast I have chosen, only a day for people to humble themselves? Is it only for bowing one's head like a reed and for lying in sackcloth and ashes? Is that what you call a fast, a day acceptable to the LORD? (NIV)**

5 Do you think the LORD wants you to give up eating and to act as humble as a bent-over bush? Or to dress in sackcloth and sit in ashes? Is this really what he wants on a day of worship? **(Contemporary English Version)**

# Leviticus 16:29 ലേവി 16 : 29

29 ഇതു നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടം ആയിരിക്കേണം; ഏഴാം മാസം
പത്താം തിയ്യതി നിങ്ങൾ ആത്മതപനം ചെയ്യേണം; സ്വദേശിയും
നിങ്ങളുടെ ഇടയിൽ പാർക്കുന്ന പരദേശിയും യാതൊരു വേലയും
ചെയ്യരുതു.

**29 “This is to be a lasting ordinance for you: On the tenth day of the seventh month you must deny yourselves and not do any work— whether native-born or a foreigner residing among you**
**(NIV)**

3 ഞങ്ങൾ നോമ്പു നോല്ക്കുന്നതു നീ നോക്കാതെയിരിക്കുന്നതെന്തു? ഞങ്ങൾ
ആത്മതപനം ചെയ്യുന്നതു നീ അറിയാതിരിക്കുന്നതെന്തു? ഇതാ, നിങ്ങൾ നോമ്പു
നോക്കുന്ന ദിവസത്തിൽ തന്നേ നിങ്ങളുടെ കാര്യാദികളെ നോക്കുകയും നിങ്ങളുടെ
എല്ലാവേലക്കാരെയുംകൊണ്ടു അദ്ധ്വാനിപ്പിക്കയും ചെയ്യുന്നു. **(ISAIAH 58:3)**

# BULRUSH – വേഴം, ഞാങ്ങണ, പോട്ടപ്പുല്ല്



You need a change,

You need to change your attitude,

You need to change your nature.

Your Fast and Associated actions must be in TOTAL REVERENCE to your GOD

# Lent – Purpose And Target

1 ➡ നാം ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ആകാരത്തോട് യോജിക്കണം / അനുരൂപമാകണം

➡ **Be conformed to the Body of Christ (Church)**

1 കൊരിന്ത്യർ 12

13 യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു
ഒരേ ആത്മാവിൽ സ്നാനം ഏറ്റു എല്ലാവരും ഒരേ ആത്മാവിനെ പാനംചെയ്യുമിരിക്കുന്നു.

27 എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും
ആകുന്നു.

20 എന്നാൽ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നു തന്നേ.

**Act in perfect love and care with fellow-believers**

# Lent – Purpose And Target

2 ➡ നാം ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപമാകണം

1. **Be conformed to the Body of Christ (Church)**

2. ➡ **Be conformed to the Image of Christ / Nature of Christ**

**റോമർ 8 : 29**

29. അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു.

**റോമർ 8 : 17 – 18**

17 ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി,

18 കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ.

# Lent – Purpose And Target

3 ➡ നാം ക്രിസ്തുവിന്റെ ദൗത്യങ്ങളോടു അനുരൂപമാകണം

1. Be conformed to the Body of Christ (Church)
2. Be conformed to the Image of Christ
3. ➡ Be conformed to the Missions Assigned by Christ / Holy Spirit

1 കൊരിന്ത്യർ 12

11 എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു താൻ ഇച്ഛിക്കുംപോലെ അവനവന്നു അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവു തന്നേ.

# Lent – Purpose And Target

4. ➡ സമൂഹത്തിന്റെ മുമ്പിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവരാകണം

1. Be conformed to the Body of Christ (Church)
2. Be conformed to the Image of Christ
3. Be conformed to the Missions Assigned by Christ / Holy Spirit
4. ➡ Be revealed as Christ to the World

ലൂക്കോസ് 4 : 22

22 എല്ലാവരും അവനെ പുകഴ്ത്തി, അവന്റെ വായിൽനിന്നു പുറപ്പെട്ട ലാവണ്യ
വാക്കുകൾ നിമിത്തം ആശ്ചര്യപെട്ടു; ഇവൻ യോസേഫിന്റെ മകൻ
അല്ലയോ എന്നു പറഞ്ഞു. .

# Lent – Purpose And Target

**4. ➡ സമൂഹത്തിന്റെ മുമ്പിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവരാകണം**

**1. ➡ Be revealed as Christ to the World**

1 പത്രൊസ് 2 : 20 – 23

20 നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു?
അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിന്നു പ്രസാദം.
21 അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി
കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക
വെച്ചേച്ചു പോയിരിക്കുന്നു.
22 അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും
ഉണ്ടായിരുന്നില്ല.
23 തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം
പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ
ചെയ്തതു.

# Lent – Purpose And Target

1 ➡ നാം ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ആകാരത്തോട് യോജിക്കണം / അനുരൂപമാകണം
2. ➡ നാം ക്രിസ്തുവിന്റെ സ്വരൂപത്തോട്ടു അനുരൂപമാകണം
3 ➡ നാം ക്രിസ്തുവിന്റെ ദൗത്യങ്ങളോട്ടു അനുരൂപമാകണം
4. ➡ സമൂഹത്തിന്റെ മുമ്പിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവരാകണം

1. Be conformed to the Body of Christ (Church)
2. Be conformed to the Image of Christ / Nature of Christ
3. Be conformed to the Missions Assigned by Christ / Holy Spirit
4. Be revealed as Christ to the World

# God Bless You
# And
# All YOUR Dear Ones

# യെശയ്യാവ് 58

1. ഉറക്കെ വിളിക്ക; അടങ്ങിയിരിക്കരുതു; കാഹളംപോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിന്നു അവരുടെ
ലംഘനത്തെയും യാക്കോബ്ഗൃഹത്തിന്നു അവരുടെ പാപങ്ങളെയും അറിയിക്ക. 2 എങ്കിലും അവർ എന്നെ
ദിനമ്പ്രതി അന്വേഷിച്ചു എന്റെ വഴികളെ അറിവാൻ ഇച്ഛിക്കുന്നു; നീതി പ്രവർത്തിക്കയും തങ്ങളുടെ
ദൈവത്തിന്റെ ന്യായം ഉപേക്ഷിക്കാതെയിരിക്കയും ചെയ്തോരു ജാതിയെപ്പോലെ അവർ നീതിയുള്ള വെപ്പുകളെ
എന്നോടു ചോദിച്ചു ദൈവത്തോടു അടുപ്പാൻ വാഞ്ഛിക്കുന്നു. 3 ഞങ്ങൾ നോമ്പു നോല്ക്കുന്നതു നീ
നോക്കാതെയിരിക്കുന്നതെന്തു? ഞങ്ങൾ ആത്മതപനം ചെയ്യുന്നതു നീ അറിയാതിരിക്കുന്നതെന്തു? ഇതാ,
നിങ്ങൾ നോമ്പു നോക്കുന്ന ദിവസത്തിൽ തന്നേ നിങ്ങളുടെ കാര്യാദികളെ നോക്കുകയും നിങ്ങളുടെ
എല്ലാവേലക്കാരെയുംകൊണ്ടു അദ്ധ്വാനിപ്പിക്കയും ചെയ്യുന്നു. 4 നിങ്ങൾ വിവാദത്തിന്നും കലഹത്തിന്നും
ക്രൂരമുഷ്ടികൊണ്ടു അടിക്കേണ്ടതിന്നും നോമ്പു നോല്ക്കുന്നു; നിങ്ങളുടെ പ്രാർത്ഥന ഉയരത്തിൽ കേൾപ്പാൻ
തക്കവണ്ണമല്ല നിങ്ങൾ ഇന്നു നോമ്പു നോല്ക്കുന്നതു. 5 എനിക്കു ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം
ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ചു
കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിന്നോ നീ നോമ്പെന്നും യഹോവെക്കു പ്രസാദമുള്ള ദിവസമെന്നും
പേർ പറയുന്നതു? 6 അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ
സ്വതന്ത്രരായി വിട്ടയക്ക; എല്ലാനുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? 7
വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ
ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു
നിന്നെത്തന്നേ മറെക്കാതെയിരിക്കുന്നതും അല്ലയോ?

## യെശയ്യാവ് 58

8 അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും;
നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും. 9 അപ്പോൾ നീ
വിളിക്കും; യഹോവ ഉത്തരം അരുളും; നീ നിലവിളിക്കും, ഞാൻ വരുന്നു എന്നു അവൻ അരുളിച്ചെയ്യും; നുകവും
വിരൽ ചൂണ്ടുന്നതും വഷളത്വം സംസാരിക്കുന്നതും നീ നിന്റെ നടുവിൽ നിന്നു നീക്കിക്കളകയും 10
വിശപ്പുള്ളവനോടു നീ താല്പര്യം കാണിക്കയും കഷ്ടത്തിൽ ഇരിക്കുന്നവന്നു തൃപ്തിവരുത്തുകയും ചെയ്യുമെങ്കിൽ
നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും; നിന്റെ അന്ധകാരം മദ്ധ്യാഹ്നം പോലെയാകും. 11 യഹോവ നിന്നെ
എല്ലയ്പോഴും നടത്തുകയും വരണ്ടനിലത്തിലും നിന്റെ വിശപ്പു അടക്കി, നിന്റെ അസ്ഥികളെ ബലപ്പെടുത്തുകയും
ചെയ്യും; നീ നനവുള്ള തോട്ടംപോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവുപോലെയും ആകും. 12 നിന്റെ സന്തതി
പുരാതനശൂന്യങ്ങളെ പണിയും; തലമുറതലമുറയായി കിടക്കുന്ന അടിസ്ഥാനങ്ങളെ നീ കെട്ടിപ്പൊക്കും;
കേടുതീർക്കുന്നവനെന്നും കുടിയിരിപ്പാൻ തക്കവണ്ണം പാതകളെ യഥാസ്ഥാനത്താക്കുന്നവനെന്നും നിനക്കു പേർ
പറയും. 13 നീ എന്റെ വിശുദ്ധദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ
അടക്കിവെച്ചു, ശബ്ബത്തിനെ ഒരു സന്തോഷം എന്നും യഹോവയുടെ വിശുദ്ധദിവസത്തെ ബഹുമാനയോഗ്യം
എന്നും പറകയും നിന്റെ വേലെക്കു പോകയോ നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥസംസാരത്തിൽ
നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ, നീ യഹോവയിൽ പ്രമോദിക്കും;
14 ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ
യാക്കോബിന്റെ അവകാശംകൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്യും; യഹോവയുടെ വായല്ലോ
അരുളിച്ചെയ്തിരിക്കുന്നതു.